# പതിമൂന്നാം കേരള നിയമ സഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 2248 15/07/2011-ൽ മറുപടിക്ക്

**വേനൽ മഴയിൽ കാസർഗോഡ് ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പ് മന്ത്രി) |
| എ) | ഇക്കഴിഞ്ഞ വേനൽ മഴയിൽ കാസർഗോഡ് ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ചുള്ള കണക്ക് വിശദമാക്കാമോ; | എ) | ഇക്കഴിഞ്ഞ വേനൽ മഴയിൽ കാസർഗോഡ് ജില്ലയിൽ 17,40,607/- രൂപയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ട്. 3 വീടുകൾ പൂർണ്ണമായും, 78 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ഈ ഇനത്തിൽ അകെ 5,86,110/- രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുത നാശനഷ്ടത്തിൽ വീട് നഷ്ടപ്പെട്ടവരുടേയും കൃഷി നശിച്ചവരുടേയും കണക്കുകൾ വേർതിരിച്ച് വിശദമാക്കാമോ; | ബി) | പ്രസ്തുത നാശനഷ്ടത്തിൽ 3 വീടുകൾ പൂർണ്ണമായും, 78 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. ഈ ഇനത്തിൽ അകെ 5,86,110/- രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. 1257 പേരുടെ കൃഷി നശിച്ചിട്ടുണ്ട്. |
| സി) | ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | സി) | ഇവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തി നഷ്ടപരിഹാരം നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ